# ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ

**കേരള** ജംഇയ്യത്തുൽ ഉലമയുടെയോ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെയോ ഘടകങ്ങൾ തിരുവിതാംകൂർ തുടങ്ങിയ തെക്കൻ പ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ല. ഈ കുറവ് പരിഹരിക്കാൻ അവിടങ്ങളിലെ പണ്ഡിതന്മാരുടെ മറ്റൊരു സംഘടന ഉണ്ടാക്കുന്നതാണ് കരണീയം എന്ന് സമസ്തയുടെ നേതാക്കളായിരുന്ന ഖുത്ബി മുസ്‌ലിയാരും പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാരും ഉപദേശിച്ചതിന്റെ ഫലമായി 1955 ജൂൺ 22-ാം തീയതി കുറെ പണ്ഡിതന്മാരുടെ ഒരു യോഗം കൊല്ലത്ത് വിളിച്ചുകൂട്ടിയിരുന്നു. എം. ശിഹാബുദ്ദീൻ മൗലവി കൺവീനറായി ഒരു താൽക്കാലിക കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഇവരുടെ ശ്രമഫലമായി തെക്കൻ ദിക്കിലെ ഒട്ടുമിക്ക പണ്ഡിതന്മാരെയും ഒന്നിപ്പിച്ച് തിരുവനന്തപുരം വി.ജെ.ടി ഹാളിൽ ഒന്നരമാസത്തിന് ശേഷം ആഗസ്റ്റ് 2-ാം തീയതി ഒരു വലിയ കൺവൻഷൻ നടത്തുകയുണ്ടായി. അതിൽ വെച്ചാണ് കേരളത്തിലെ മൂന്നാമത്തെ ഉലമാ സംഘടന രൂപംകൊള്ളുന്നത്. പി.കെ യൂനുസ് മൗലവിയായിരുന്നു പ്രസിഡന്റ്. സെക്രട്ടറി ഉമർകുട്ടി മൗലവിയും എം. ശിഹാബുദ്ദീൻ മൗലവി വൈസ് പ്രസിഡന്റും ഒ.ബി.ടി ഫരീദ് മൗലവി ട്രഷററുമായി ഒരു പ്രവർത്തന സമിതിയും നിലവിൽവന്നു. സംഘടനക്ക് ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമാ എന്ന് നാമകരണവും നൽകി. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ ആദർശവും പ്രവർത്തന ശൈലിയും സമസ്ത കേരള ജംഇയത്തുൽ ഉലമയുടേത് തന്നെയായിരുന്നു. മുജാഹിദ്, ജമാഅത്ത് വിഭാഗങ്ങളോടുള്ള അവരുടെ സമീപനവും സമസ്തയുടേതിൽനിന്നും വ്യത്യസ്തമായിരുന്നില്ല.

മറ്റുള്ള ഉലമാ സംഘടനകളെപ്പോലെ ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയും മതവിദ്യാഭ്യാസരംഗത്ത് വിലപ്പെട്ട സംഭാവനകൾ നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ പോഷക സംഘടനകളിൽ ദക്ഷിണ കേരള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡ് പ്രധാനപ്പെട്ടതാകുന്നു. ആലുവ ആസ്ഥാനമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ലജ്നത്തുൽ ഇസ്‌ലാമിയ അസോസിയേഷനുമായി സഹകരിച്ചാണ് 'ദക്ഷിണ' വിദ്യാഭ്യാസപ്രവർത്തനങ്ങൾ ആരംഭിച്ചത്. ലജ്നത്ത് ദക്ഷിണ കേരള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡിൽ ലയിക്കുകയും അലവിക്കുഞ്ഞി മൗലവിയുടെ നേതൃത്വത്തിൽ പുതിയ ഒരു കമ്മിറ്റി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഈ വിദ്യാഭ്യാസ ബോർഡുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മദ്റസകൾ തെക്കൻ കേരളത്തിൽ അനവധിയുണ്ട്. ഏകദേശം 1600-ഓളം മദ്റസകളും 4800-ൽപരം അധ്യാപകരും ദക്ഷിണ കേരള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡിന്റെ കീഴിൽ ഉണ്ട്. മദ്റസകളിലെ പാഠ്യപദ്ധതികൾ ഏകീകരിക്കുകയും പഠനക്രമത്തിലും അധ്യാപക പരിശീലനത്തിലും മാതൃകാപരമായ മാറ്റങ്ങൾ നിർദേശിക്കുകയും ചെയ്ത ബോർഡ് മദ്റസാ സംവിധാനത്തിൽ ആശാവഹമായ പരിഷ്കാരങ്ങൾ നടത്തുകയും ചെയ്തു.

അധ്യാപക പരിശീലനത്തിനും അവരുടെ ക്ഷേമപ്രവർത്തനത്തിനും വേണ്ടി ലജ്നത്തുൽ മുഅല്ലിമീൻ എന്ന സംഘടന 'ദക്ഷിണ'യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. മദ്റസാ അധ്യാപകന്മാർക്ക് ധനസഹായം ചെയ്യുന്നതിനായി ഒരു ക്ഷേമനിധിയും ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

'ദക്ഷിണ'യുടെ മറ്റൊരു പോഷകസംഘടനയാണ് ദക്ഷിണ കേരള മുസ്‌ലിം യുവജന ഫെഡറേഷൻ. ചെറുപ്പക്കാരുടെ കഴിവും ഊർജവും നല്ലകാര്യങ്ങൾ നിർവഹിക്കാൻ തിരിച്ചു വിടുകയെന്നതാണ് ഈ സംഘടനയുടെ പ്രധാന ലക്ഷ്യം. മതബോധവൽക്കരണത്തിന് പുറമേ സാമൂഹികപ്രശ്നങ്ങളും ഈ സംഘടനവഴി സജീവ ചർച്ചാ വിഷയമാക്കാറുണ്ട്. വായനശാലകൾ, നഴ്സറി സ്കൂളുകൾ, ചർച്ചാ സമ്മേളനങ്ങൾ എന്നിവ ഈ സംഘടന നടത്തിപ്പോരുന്നു.

ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ ശ്രമഫലമായി തെക്കൻ ദിക്കുകളിലെ ജമാഅത്തുകളെ ഒരേ കീകൃത സംഘടനയുടെ കീഴിൽ കൊണ്ടുവരാൻ സാധിച്ചത് എടുത്തു പറയത്തക്ക നേട്ടമാണ്. അതുവഴി ജമാഅത്തിന്റെ നേതൃനിരയെ സമുദായത്തിന്റെ പൊതുപ്രശ്നങ്ങളിൽ യോജിച്ച് പ്രവർത്തിക്കാൻ സാധിക്കുംവിധം കെട്ടുറപ്പുള്ള ഒരു

സംഘടനയിൽ സുഘടിതമാക്കാൻ സാധിച്ചു. കൊല്ലത്ത് കർബലയിൽ കൂടിയ 'ദക്ഷിണ'യുടെ സമ്മേളന മാണ് ഈ സംഘടനക്ക് രൂപം കൊടുത്തത്. അങ്ങനെ പി.കെ അബ്ദുൽ അസീസ് മൗലവിയുടെ നേതൃത്വത്തിൽ 1981-ൽ കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ സ്ഥാപിതമായി. സാമുദായിക പ്രശ്ന ങ്ങളിൽ ഫെഡറേഷന്റെ ശക്തമായ നേതൃത്വം മുൻകൈയെടുത്ത് പരി ഹാര മാർഗങ്ങൾ കണ്ടുകൊണ്ടിരി ക്കുന്നു. യാഥാസ്ഥിതികമെന്ന് വിമർശിക്കപ്പെട്ടാമെങ്കിലും കുടുംബാ സൂത്രണത്തിനും ഏകീകൃത സിവിൽകോഡിനും എതിരാണ് തങ്ങളെന്ന് പറയാൻ ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ മടിച്ചിട്ടില്ല. മണ്ഡൽ കമീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യ ങ്ങൾ ലഭിക്കാനുള്ള ശ്രമത്തിലും മുസ്‌ലിം മാപ്പിള എന്ന വേർതിരിവു ണ്ടാക്കി സംവരണാനുകൂല്യം വലിയ ഒരു വിഭാഗം മുസ്‌ലിംകൾക്ക് നിഷേ ധിക്കപ്പെടാൻ ഒരുമ്പെട്ടതിനെതി രെയും സംഘടിതമായി സമുദായ ത്തിന്റെ ആവശ്യങ്ങൾ അധികാരിക ളെക്കൊണ്ട് അംഗീകരിപ്പിക്കാൻ സർവവിധ കഴിവും ദക്ഷിണ പ്രയോ ഗിച്ചിട്ടുണ്ട്. അങ്ങനെ മുസ്‌ലിം സാധാരണക്കാരെപ്പോലും തങ്ങ ളുടെ കൊടക്കീഴിൽ കൊണ്ടുവരാൻ അവർക്ക് സാധിച്ചിരുന്നു.

ഉന്നത വിദ്യാഭ്യാസരംഗത്തും ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ യുടെ സംഭാവനകൾ വിലപ്പെട്ടതാ ണ്. വർക്കലയിൽ പ്രശസ്തമായി നട ത്തിപ്പോരുന്ന മന്നാനിയ്യാ ഇസ്‌ലാ മിക് യൂനിവേഴ്സിറ്റി മാത്രം മതി ഈ രംഗത്ത് അവരുടെ നേട്ടങ്ങളെ വില യിരുത്താൻ. മതപഠനത്തിന്റെ ഉന്നത വിദ്യാപീഠമായി മന്നാനിയ്യ അറിയ പ്പെടുന്നു. 1986-ലാണ് സ്ഥാപിച്ചതെ ങ്കിലും ഇന്ന് ഈ യൂനിവേഴ്സിറ്റി യുടെ നിയന്ത്രണ ബോർഡിന്റെ ശ്രമ ഫലമായി ഒരു അറബിക്കോളേജ്, ഖുർആൻ ഹൃദിസ്ഥമാക്കാൻ പരിശീ ലനം നൽകുന്ന ഹിഫ്ദ് കോളേജ്, ഒരു ബോർഡിംഗ് മദ്റസ, ഒരു ഓർഫനേജ് എന്നിവ ഭംഗിയായി പ്രവർത്തിച്ചു പോരുന്നുണ്ട്. വേലൂ രിലെ ബാഖിയാത്തുസ്സ്വാലിഹാ ത്തിന്റെ മാതൃകയിലാണ് ഇവിടെ സിലബസ്സും പാഠ്യരീതിയും സംവി ധാനം ചെയ്തിട്ടുള്ളത്.

*(സി.കെ കരീമിന്റെ കേരള മുസ്‌ലിം സ്ഥിതിവിവരക്കണക്ക് ഡയ റക്ടറി ഒന്നാം വാല്യത്തിൽനിന്ന്).*